**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2050** **09-02-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ എസ്.പി.സി. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ കീഴിൽ നിലവിൽ എത്ര സ്കൂളുകൾ വരുന്നുണ്ടെന്ന് സർക്കാർ-എയ്ഡഡ് മേഖല തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ സെന്റ്.മേരീസ് എച്ച്.എസ്.എസ്. വല്ലാർപാടം (എയ്ഡഡ്) സ്കൂളിൽ എസ്.പി.സി. യൂണിറ്റ് നിലവിലുണ്ട്. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ അദ്ധ്യായന വർഷം എത്ര സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സർക്കാർ-എയ്ഡഡ് മേഖല തിരിച്ച് വിശദമാക്കാമോ; | (ബി) | 2022 – 23 സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | എസ്.പി.സി. പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | എസ്.പി.സി. പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിനോ ഹയർസെക്കൻഡറി വിഭാഗത്തിനോ കുറഞ്ഞത് 500 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണം. പ്രവർത്തനക്ഷമമായ അധ്യാപക രക്ഷാകർതൃ സമിതി ഉണ്ടായിരിക്കണം. അധ്യാപക-രക്ഷാകർതൃ സമിതി സജീവമായി പ്രവർത്തിക്കുകയും ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയും ഉള്ള രണ്ട് അദ്ധ്യാപകരെ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾ നയിക്കുന്നതിനായി നിയോഗിക്കേണ്ടതും അദ്ധ്യാപകർ കഴിവതും 50 വയസ്സിൽ താഴെയുള്ളവരും ശാരീരികക്ഷമതയുള്ളവരും ആക്ടീവായിട്ടുള്ളവരും ആയിരിക്കണം. ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളുകളുടെ കാര്യത്തിൽ (Co-ed Schools), പ്രോഗ്രാം നയിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകരിൽ ഒരാൾ വനിതയായിരിക്കണം. കായികക്ഷമത പരിശീലനത്തിനുള്ള ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.റ്റി. ഡ്രസ്സ് എന്നിവ മാറ്റാനുള്ള സൗകര്യം മറ്റ് അവശ്യ സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം. |

സെക്ഷൻ ഓഫീസർ